സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 189 2026 ഒക്ടോബർ 21 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

## സ്കൂട്ടർ ബസ്സിനടിയിൽപ്പെട്ട് 2 യുവതികൾക്ക് ദാരുണാന്ത്യം



പാമ്പാടി (കോട്ടയം): പാമ്പാടി പതിമൂന്നാം മൈലിൽ സ്കൂട്ടർ ബസ്സിന് അടിയിൽപ്പെട്ട് സ്കൂട്ടർ യാത്രികരായ രണ്ട് യുവതികൾ മരിച്ചു. മീനടം വട്ടക്കാവുങ്കൽ തോമസിന്റെ മകൾ ആഷ്‌ലി ആൻ തോമസ് (25) പാമ്പാടി കടുംവുംഭാഗം ഫാദർ കുര്യാക്കോസിന്റെ മകൾ കൃപ മെറിൻ കുര്യൻ (25) എന്നിവരാണ് മരിച്ചത്.

ഇന്ന് രാവിലെ എട്ടരയോടെയായിരുന്നു അപകടം. പൊൻകുന്നം ഭാഗത്തേയ്ക്ക് പോയ സ്കൂട്ടർ കോട്ടയം ഭാഗത്തേക്ക് പോകുകയായിരുന്ന ബസ്സിനടിയിലേക്ക് മറിയുകയായിരുന്നു. രണ്ടുപേരും അപകട സ്ഥലത്തുതന്നെ മരിച്ചു. പാമ്പാടി പോലീസ് സ്ഥലത്തെത്തി മേൽനടപടി സ്വീകരിച്ചു.

# മാസപ്പടി കേസ്:പിണറായിക്ക് സുപ്രീംകോടതിയിൽ ആശ്വാസം

## ഹൈക്കോടതി വിധി റദ്ദാക്കി; ഇഡിക്കും വിമർശനം



ന്യൂഡൽഹി:സി.എം. ആർ. എൽ-എക്സലോജിക്ഇടപാടുമായി ബന്ധപ്പെട്ട വിജിലൻസ് കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയന് ആശ്വാസം. മാസപ്പടി കേസിൽ പിണറായി വിജയനെതിരായ വിജിലൻസ് അന്വേഷണം സുപ്രീം കോടതി തടഞ്ഞു. മാസപ്പടി കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് സുപ്രീം കോടതി റദ്ദാക്കി. ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകാൻ പിണറായി വിജയന് അനുമതി നൽകുകയും ചെയ്തു.

അപ്പീൽ നൽകാൻ പിണറായി വിജയന് ഒരാഴ്ചത്തെ സമയം നൽകിയിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകി വാദം കേട്ട് ഉത്തരവ് പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടേക്കും. അതേസമയം, ഇ.ഡി. എടുത്ത കേസിന്റെ നിയമസാധുതയെക്കുറിച്ച് ഇപ്പോൾ ഒന്നും പറയുന്നില്ലെന്നും സുപ്രീം കോടതി പറഞ്ഞു.

അഴിമതി നിരോധനനിയമപ്രകാരമുള്ള അന്വേഷണം നടത്തുന്നത് നിയമപ്രകാരമായിരിക്കണമെന്നും സുപ്രീം കോടതി പറഞ്ഞു. ഹൈക്കോടതിയുടെ ഭാഗത്തുനിന്ന് പിഴവുണ്ടായിട്ടുണ്ടെന്നും സിംഗിൾ ബെഞ്ച് ഉത്തരവിൽ പരസ്പര വിരുദ്ധ കാര്യങ്ങളാണുള്ളതെന്നും ജസ്റ്റിസ് ജോയ് മാല ബാഗ്ചി ചൂണ്ടിക്കാട്ടി. ഇ.ഡിക്കും സുപ്രീം കോടതി മുന്നറിയിപ്പ് നൽകി. അധികാര പരിധി കടക്കരുത് എന്ന് ഇ.ഡിയോട് സുപ്രീം കോടതി വ്യക്തമാക്കി.

വിജിലൻസ് കേസെടുക്കാനുള്ള കേരള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവ് ചോദ്യം ചെയ്താണ് പിണറായി വിജയൻ, ടി. വീണ, റിയാസ് ഉൾപ്പെടെയുള്ളവർ സുപ്രീംകോടതിയെ സമീപിച്ചത്. ഇതേത്തുടർന്ന് സുപ്രീംകോടതി പ്രത്യേക ബെഞ്ച് രൂപീകരിക്കുകയായിരുന്നു. ജസ്റ്റിസ് ജോയ് മാല ബാഗ്ചി, ജസ്റ്റിസ് വി. മോഹന എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്.

വെള്ളിയാഴ്ച ഹർജി പരിഗണിച്ചപ്പോൾ പിണറായിയുടെ അറസ്റ്റിന് സാധ്യത ഉണ്ടെന്ന് അദ്ദേഹത്തിനുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ സിദ്ധാർത്ഥ് ലൂതറ ചൂണ്ടിക്കാട്ടിയിരുന്നു. പിണറായി വിജയന് 82 വയസ്സ് ആയെന്നും അതിനാൽ ഇന്നുതന്നെ കേസ് പരിഗണിച്ച് ഇടക്കാല സംരക്ഷണം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. എന്നാൽ, എല്ലാ ബെഞ്ചുകളിലും കേസുകളുടെ ബാഹുല്യം ആണെന്നും, അതിനാൽ അടുത്ത ആഴ്ച പ്രത്യേക ബെഞ്ച് രൂപീകരിച്ച് ഈ അപ്പീലുകളിൽ വാദം കേൾക്കുന്ന കാര്യം പരിഗണിക്കാമെന്നും ചീഫ് ജസ്റ്റിസ് അറിയിക്കുകയായിരുന്നു. തുടർന്ന് ഇന്ന് ഹർജി സുപ്രീം കോടതി പരിഗണിക്കുകയായിരുന്നു.

സി.എം.ആർ.എൽ.-എക്സലോജിക് ഇടപാടുമായി ബന്ധപ്പെട്ട വിജിലൻസ് കേസിൽ കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായത് വ്യാഴാഴ്ചയാണ്. ഇതിനെതിരെ വെള്ളിയാഴ്ച പുലർച്ചെ 1.34-ന് ആണ് പിണറായി വിജയൻ സുപ്രീംകോടതിയിൽ ഹർജി ഫയൽ ചെയ്തത്.

ഇ.ഡി. കൈമാറിയ വിവരങ്ങൾ കേസ് രജിസ്റ്റർ ചെയ്യാൻ പര്യാപ്തമല്ല, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമ പ്രകാരം കേസ് എടുക്കാൻ ആകില്ല, സി.എം.ആർ.എല്ലിന് അനുകൂലമായി പ്രവർത്തിക്കുന്നതിനായി പണം ലഭിച്ചുവെന്നാണ് പറയുന്നത്. എന്നാൽ, എന്ത് ആനുകൂല്യമാണ് നൽകിയതെന്ന് വ്യക്തമാക്കുന്നില്ല. ആരാണ് ഈ ആനുകൂല്യം ആവശ്യപ്പെട്ടത്, എപ്പോഴാണ് അത് നൽകിയത്, ഏതെങ്കിലും പണമിടപാടുമായി ബന്ധമുണ്ടെന്ന് വ്യക്തമാക്കുന്നില്ല തുടങ്ങിയ കാര്യങ്ങളാണ് ഹർജിയിൽ പിണറായി വിജയനും മറ്റ് ഹർജിക്കാരും ഉന്നയിച്ച പ്രധാന വാദങ്ങൾ.

## 'ഇപ്പോൾ നൽകുന്ന SMA മരുന്ന് മാറ്റിനൽകില്ല'; വിശദീകരണവുമായി ആരോഗ്യമന്ത്രി; വിമർശനവുമായി പ്രതിപക്ഷം



തിരു : സ്പൈനൽ മസ്കുലർ അട്രോഫി (എസ്എംഎ) രോഗികൾക്ക് ഇതുവരെ നൽകിവന്ന മരുന്ന് മാറ്റി പുതിയ മരുന്ന് നൽകിയതുമായി ബന്ധപ്പെട്ട വിവാദത്തിൽ വിശദീകരണവുമായി ആരോഗ്യമന്ത്രി കെ. മുരളീധരൻ. ഇപ്പോൾ നൽകുന്ന മരുന്ന് മാറ്റാൻ ഉദ്ദേശിച്ചിട്ടില്ലെന്ന് മന്ത്രി വ്യക്തമാക്കി. രക്ഷിതാക്കൾ തന്നോട് മരുന്ന് മാറ്റാൻ ആവശ്യപ്പെട്ടിട്ടില്ലെന്നും സാങ്കേതിക വിദഗ്ധ സമിതിയുടെ നിർദേശപ്രകാരമാണ് ഇപ്പോഴത്തെ ഇന്ത്യൻ നിർമിത മരുന്ന് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

പുതിയ മരുന്നിനെക്കുറിച്ച് ഇതുവരെയും ആക്ഷേപങ്ങളൊന്നും ഉണ്ടായിട്ടില്ല. പുതിയ മരുന്ന് ഉപയോഗിക്കാനുള്ള തീരുമാനം എടുത്തതും സാങ്കേതിക സമിതി കൂടിയതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. യുഡിഎഫ് സർക്കാരിന്റെ കാലത്ത് അതിന്റെ ഉത്തരവിറങ്ങുക മാത്രമാണ് ചെയ്തതെന്നും മന്ത്രി കൂട്ടിച്ചേർത്തു. വിലക്കുറവിൽ മരുന്ന് ലഭ്യമാകുന്നതോടെ കൂടുതൽ കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാൻ സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സംസ്ഥാനത്ത് സൗജന്യ മരുന്നിന് അർഹരായ 108 എസ്എംഎ ബാധിതരായ കുട്ടികൾക്ക് 15 ലക്ഷം രൂപ വിലയുള്ള വിദേശ നിർമിത മരുന്നിന് പകരം 8000 രൂപ വിലയുള്ള ഇന്ത്യൻ നിർമിത ജനറിക് മരുന്ന് വിതരണം ചെയ്തതാണ് വിവാദങ്ങൾക്ക് കാരണമായത്. പുതുതായി നൽകിയ മരുന്നിന്റെ കവറിൽ 'ഡോക്ടേഴ്സ് സാമ്പിൾ' എന്നും 'ക്ലിനിക്കൽ ട്രയൽസ്' എന്നും രേഖപ്പെടുത്തിയിരുന്നതായി കുട്ടികളുടെ രക്ഷിതാക്കാൾ പറഞ്ഞു. ഇതോടെ പിഞ്ചുകുഞ്ഞുങ്ങളിൽ സർക്കാർ മരുന്ന് പരീക്ഷണം നടത്തുകയാണെന്ന തരത്തിൽ ആരോപണം ഉയർന്നു.

എന്നാൽ, കേന്ദ്രാനുമതിയുള്ള മരുന്നാണ് നൽകുന്നതെന്നും സാമ്പിൾ എന്ന് രേഖപ്പെടുത്തിയതും യഥാർഥ മരുന്നും തമ്മിൽ വ്യത്യാസമില്ലെന്നും തിരുവനന്തപുരം എസ്എടി ആശുപത്രി സൂപ്രണ്ട് ഡോ. റിയാസ് വ്യക്തമാക്കിയിരുന്നു.

അതേസമയം, രക്ഷിതാക്കളുടെ ആശങ്ക ഗുരുതരമായ വിഷയമാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ചൂണ്ടിക്കാട്ടി. പരീക്ഷണ ലേബലുള്ള മരുന്നുകൾ കുട്ടികൾക്ക് നൽകിയ സംഭവം നിസ്സാരമായി കാണാനാവില്ലെന്നും പിഞ്ചുകുഞ്ഞുങ്ങളുടെ ജീവൻ വച്ച് സർക്കാർ ചൂതാടുകയാണെന്നും അദ്ദേഹം ആരോപിച്ചു. രോഗം ബാധിച്ച കുട്ടികളെ പരീക്ഷണ വസ്തുക്കളാക്കി മാറ്റുകയാണെന്നും സംഭവത്തിൽ അടിയന്തര അന്വേഷണം വേണമെന്നും പിണറായി ആവശ്യപ്പെട്ടു.

മുൻ ആരോഗ്യമന്ത്രി കെ.കെ. ശൈലജയും വിഷയത്തിൽ ആശങ്ക രേഖപ്പെടുത്തി. മുൻപ് നൽകിയിരുന്ന വിദേശ മരുന്ന് കഴിച്ച് കുട്ടികളുടെ ആരോഗ്യനിലയിൽ പുരോഗതി ഉണ്ടായിരുന്നതായി രക്ഷിതാക്കൾ പറഞ്ഞിട്ടുണ്ടെന്ന് അവർ പറഞ്ഞു. അതിനാൽ, ഈ മരുന്നുകൾ മാറ്റി നൽകുന്നത് അപകടകരമാണെന്നും 12 വയസ്സിന് താഴെയുള്ള കുട്ടികളിൽ മരുന്ന് പരീക്ഷണം നടത്താൻ പാടില്ലെന്ന മെഡിക്കൽ എത്തിക്സ് പാലിക്കപ്പെടണമെന്നും കെ.കെ. ശൈലജ ആവശ്യപ്പെട്ടു.

## എസ്ബിഐയ്ക്കുനേരെ സൈബർ ആക്രമണം: 3,897 ഉപഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ ചോർന്നു, ഫോൺനമ്പറടക്കം ഡാർക്ക് വെബിൽ

ന്യൂ ഡൽഹി: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കുനേരെ (എസ്ബിഐ) സൈബറാക്രമണം. ഇതേത്തുടർന്ന് 3,897 ഉപഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ ഡാർക്ക് വെബിൽ ചോർന്നതായി റിപ്പോർട്ട്. ചൊവ്വാഴ്ച സ്റ്റോക്ക് എക്സ്ചേഞ്ച് ഫയലിങ്ങിലാണ് ബാങ്ക് ഇക്കാര്യം വ്യക്തമാക്കിയത്. ഒക്ടോബർ 16ന് തങ്ങളുടെ ത്രെറ്റ് ഇന്റലിജൻസ് സർവീസ് പ്രൊവൈഡർ, ഡിഫൻസ് സൈബർ ഏജൻസി, സെർട്ട് -ഇൻ (CERT-In) എന്നിവയിൽ നിന്ന് ഇത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചതായി എസ്ബിഐ വ്യക്തമാക്കി.

ഡാർക്ക് വെബിൽ ലഭ്യമായ ഏകദേശം 3,75,000 റെക്കോർഡുകളാണ് പ്രാഥമിക വിശകലനത്തിന് വിധേയമാക്കിയത്. ഇതിൽ നിന്നാണ് 3,897 ഉപഭോക്തൃ റെക്കോർഡുകൾ തിരിച്ചറിഞ്ഞത്. ഉപഭോക്താക്കളുടെ പേരുകൾ, മൊബൈൽ നമ്പറുകൾ, ജനനത്തീയതികൾ, ഇമെയിൽ വിലാസങ്ങൾ, താമസ വിലാസങ്ങൾ എന്നിവ ചോർന്ന വിവരങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തി. ഇതിന് പുറമെ ബ്രാൻഡ് വിവരങ്ങൾ, ഉപഭോക്തൃ തിരിച്ചറിയൽ വിവരങ്ങൾ, വായ്പാ രേഖകൾ എന്നിവയും പുറത്തായിട്ടുണ്ട്.

വിവരച്ചോർച്ചയുടെ സ്വഭാവവും വ്യാപ്തിയും വിശദമായി പരിശോധിക്കുന്നതിനായി സ്വതന്ത്ര സൈബർ സുരക്ഷാ ഏജൻസിയെ നിയോഗിച്ചതായി എസ്ബിഐ വ്യക്തമാക്കി. സംഭവത്തെക്കുറിച്ച് സമഗ്രമായ വിലയിരുത്തലും അന്വേഷണവും ഏജൻസി നടത്തും. അതേസമയം, ഈ സംഭവം ബാങ്കിന്റെ പ്രധാന പ്രവർത്തനങ്ങളെ ഇത് കാര്യമായി ബാധിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്ന് എസ്ബിഐ അറിയിച്ചു.

സാമ്പത്തിക സ്ഥാപനങ്ങളെ ലക്ഷ്യമിട്ടുള്ള സൈബർ ഭീഷണികൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ, ഇന്ത്യയിലെ ബാങ്കുകളുടെ സൈബർ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ റെഗുലേറ്ററി അധികൃതർ കൂടുതൽ ശ്രദ്ധ ചെലുത്തിവരുന്നതിനിടെയാണ് എസ്ബിഐയിലെ വിവരച്ചോർച്ച പുറത്തുവന്നിരിക്കുന്നത്.

## വിജയദശമിയിൽ സ്വർണവില എങ്ങോട്ട്?

തിരു : സംസ്ഥാനത്ത് ഇന്ന് സ്വർണവിലയിൽ മാറ്റമില്ല. ഇന്നലെ വൈകുന്നേരത്തോടെ സ്വർണവില പവന് 800 രൂപയോളം കുറഞ്ഞ് ഗ്രാമിന് 13,390 രൂപയും പവന് 1,07,120 രൂപയുമായി തുടരുകയാണ്. അന്താരാഷ്ട്ര വിലയിലെ കയറ്റിറക്കങ്ങളാണ് കേരളത്തിലെ സ്വർണവിലയെ സ്വാധീനിക്കാറുള്ളത്.

അന്താരാഷ്ട്രവിപണിയിൽ ഇന്ന് സ്വർണവിലയിൽ നേരിയ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്. ട്രോയ് ഔൺസിന് ഏകദേശം 4,116 - 4,120 യുഎസ് ഡോളർ നിലവാരത്തിലാണ് വ്യാപാരം പുരോഗമിക്കുന്നത്. യുഎസ് ഡോളറിന്റെ മൂല്യത്തിലുണ്ടായ കരുത്തും ബോണ്ട് യീൽഡുകളിലെ വർദ്ധനവുമാണ് വില കുറയാൻ പ്രധാന കാരണമായത്. വരാനിരിക്കുന്ന യുഎസ് ഫെഡറൽ റിസർവ് യോഗത്തിൽ പലിശനിരക്ക് ഉയർത്താനുള്ള സാദ്ധ്യത മുന്നിൽ കണ്ട് നിക്ഷേപകർ ജാഗ്രത പാലിക്കുന്നതും വിലയെ സ്വാധീനിച്ചു.

ആഗോളതലത്തിൽ നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യവും പ്രതിസന്ധികളും സ്വർണത്തെ ഒരു മികച്ച സുരക്ഷിത നിക്ഷേപ മാർഗമാക്കി മാറ്റുന്നു. ഇത് വരും ദിവസങ്ങളിൽ സ്വർണത്തിന്റെ ഡിമാൻഡ് വർദ്ധിപ്പിക്കുമെന്നാണ് വിദഗ്ധർ പറയുന്നത്. ഫ്രാൻസിൽ ആരംഭിച്ച കലാപം മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്ക് പടരുന്നത് ആഗോളസ്വർണ ഡിമാഡിനെ സ്വാധീനിച്ചേക്കും.

## 'ഇന്ത്യാ–യുഎസ് വ്യാപാരക്കരാർ അന്തിമഘട്ടത്തിൽ'; മുൻ കരാറുകളിൽനിന്ന് വ്യത്യസ്തമായിരിക്കുമെന്ന് ട്രംപ്

വാഷിങ്ടൺ: ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരക്കരാർ അന്തിമഘട്ടത്തോടടുക്കുന്നതായി യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അമേരിക്ക മുൻപ് ഒപ്പുവെച്ച വ്യാപാരക്കരാറുകളിൽനിന്ന് ഏറെ വ്യത്യാസമുള്ള ഒന്നായിരിക്കും ഇതെന്നും ട്രംപ് സൂചിപ്പിച്ചു. ഓവൽ ഓഫീസിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവെയാണ് ട്രംപിന്റെ പ്രസ്താവന.

ഇന്ത്യ സന്ദർശിക്കുന്ന യു.എസ്. സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും കരാർ ഉടൻ അന്തിമരൂപത്തിലെത്തുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇരുരാജ്യങ്ങളും തമ്മിൽ ഒരു വർഷത്തിലേറെയായി നടന്നുവരുന്ന ചർച്ചകൾക്കൊടുവിലാണ് കരാർ പൂർത്തിയാകാൻ പോകുന്നത്. കുറച്ച് വിഷയങ്ങൾ മാത്രമാണ് ഇനി പരിഹരിക്കാനുള്ളതെന്നും അവ ഉടൻ പൂർത്തിയാക്കി ഇരുരാജ്യങ്ങൾക്കും വൈകാതെ കരാറിൽ ഒപ്പുവെക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷയെന്നും റൂബിയോ അറിയിച്ചു.

നേരത്തെ, ഫെബ്രുവരി മാസത്തിൽ ഇരുരാജ്യങ്ങളും കരാറിന്റെ ഒന്നാം ഘട്ട ചട്ടക്കൂടിന് അംഗീകാരം നൽകിയിരുന്നെങ്കിലും യു.എസ്. താരിഫ് നയങ്ങളിലുണ്ടായ മാറ്റങ്ങൾ ചർച്ചകൾക്ക് വഴിവെച്ചിരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ യു.എസ്. ട്രേഡ് റെപ്രസെന്റേറ്റീവ് ജാമീസൺ ഗ്രീറുമായി മിൽവാക്കിയിലും വാഷിങ്ടണിലുംവെച്ച് കൂടിക്കാഴ്ച നടത്തിയിരുന്നു. ഇരുരാജ്യങ്ങളും അന്തിമ തീരുമാനത്തിലേക്ക് അടുക്കുകയാണെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറും അടുത്തിടെ വ്യക്തമാക്കിയിരുന്നു.

## കെഎസ് യു പ്രവർത്തകർ ആക്രമിച്ചെന്ന കേസ്; കള്ളമൊഴി നൽകിയ വീണ ജോർജിന്റെ ഗൺമാനെതിരെ നടപടി ഉടൻ



തിരു: മുൻമന്ത്രി വീണ ജോർജിനെ കെഎസ്‌യു പ്രവർത്തകർ ആക്രമിച്ചെന്ന കേസിൽ തെറ്റായ മൊഴി നൽകിയ ഗൺമാനെതിരെ നടപടിയുണ്ടാകുമെന്ന് മന്ത്രി കെ മുരളീധരൻ. വീണ ജോർജിന്റെ ഗൺമാനായിരുന്ന അഭിലാഷിനെതിരായ റിപ്പോർട്ട് ഉടൻ ഡിജിപിക്ക് നൽകും. കണ്ണൂരിൽ നടന്ന കരിങ്കൊടി പ്രതിഷേധത്തിനിടെ കെഎസ്‌യു പ്രവർത്തകർ വീണാ ജോർജിനെ വധിക്കാൻ ശ്രമിച്ചുവെന്നാണ് അഭിലാഷ് മൊഴി നൽകിയിരുന്നത്.

പ്രത്യേക അന്വേഷണ സംഘത്തിന് നൽകിയ പുതിയ മൊഴി അനുസരിച്ച് വീണാ ജോർജിന്റെ നിർദേശപ്രകാരമാണ് താൻ കള്ളം പറഞ്ഞതെന്ന് ഗൺമാൻ സമ്മതിച്ചതായി കെ മുരളീധരൻ വ്യക്തമാക്കി. അഭിലാഷിനെതിരായ നടപടിക്ക് ശുപാർശ ചെയ്തുള്ള റിപ്പോർട്ടാണ് എസ്ഐടി നൽകുക. വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തിയതിന്റ കാരണമാകും എസ്ഐടി തേടുക. കേസിൽ പ്രതികളായിരുന്ന അഞ്ച് കെഎസ്‌യു പ്രവർത്തകരോട് മൊഴിയെടുക്കാനായി ഇന്ന് ഹാജരാകാൻ എസ്ഐടി നിർദേശിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം വീണാ ജോർജിന്റെ മൊഴി എസ്ഐടി രേഖപ്പെടുത്തിയിരുന്നു.

'കരിങ്കൊടി കാണുമ്പോൾ ഒരാൾക്ക് ഇത്രയധികം ഭയമുണ്ടാകുന്നത് അത്ഭുതകരമാണ്. അന്നത്തെ മന്ത്രിയുടെ നിർദേശപ്രകാരമാണ് താൻ അങ്ങനെ മൊഴി നൽകിയതെന്ന് ഗൺമാൻ വെളിപ്പെടുത്തിയിട്ടുണ്ട്. ഇത് അങ്ങേയറ്റം ഉത്തരവാദിത്തമില്ലാത്ത കാര്യമാണ്. രാഷ്ട്രീയവുമായി യാതൊരു ബന്ധവുമില്ലാത്തവർ പെട്ടെന്ന് രാഷ്ട്രീയ രംഗത്തേക്ക് വരികയും മന്ത്രിമാരാവുകയും ചെയ്യുമ്പോൾ സംഭവിക്കുന്നത് ഇതാണ്. ഇതിന്റെ ഫലമായി ഇപ്പോൾ ആ ഗൺമാൻ തന്നെ ഒരു കുറ്റവാളിയായി മാറിയിരിക്കുകയാണ്. അദ്ദേഹത്തിനെതിരെ തീർച്ചയായും നടപടിയുണ്ടാകും.'-കെ മുരളീധരൻ പറഞ്ഞു.

കഴിഞ്ഞ ഫെബ്രുവരി 25-നാണ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽവെച്ച് അന്നത്തെ ആരോഗ്യ മന്ത്രിയായിരുന്ന വീണാ ജോർജിനെതിരെ കെഎസ്‌യു പ്രവർത്തകരുടെ കരിങ്കൊടി പ്രതിഷേധമുണ്ടായത്. മാരകായുധങ്ങളുമായെത്തിയ കെഎസ്‌യു പ്രവർത്തകർ മന്ത്രിയെ വധിക്കാൻ ശ്രമിച്ചെന്നായിരുന്നു ഗൺമാന്റെ പരാതി. ഇതിന്റെ അടിസ്ഥാനത്തിൽ കെഎസ്‌യു ജില്ലാ പ്രസിഡന്റ് എം സി അതുൽ ഉൾപ്പെടെ അഞ്ച് പേർക്കെതിരെ വധശ്രമം അടക്കമുള്ള വകുപ്പുകൾ ചുമത്തി കേസെടുക്കുകയും ചെയ്തിരുന്നു. രണ്ടാഴ്ചയോളം ഇവർ റിമാന്റിലായിരുന്നു. പുതിയ സർക്കാർ അധികാരത്തിലെത്തിയ ശേഷം കെഎസ്‌യു പ്രവർത്തകരുടെ പരാതിയിലാണ് സംഭവത്തിൽ എസ്ഐടി രൂപീകരിച്ച് അന്വേഷണം നടത്താൻ തീരുമാനിച്ചത്.

## ടൈഗർ ഷ്രോഫിനെ അല്ല, ലക്ഷ്യം വച്ചത് സൽമാൻ ഖാനെ വധിക്കാൻ; അവസാനം നിമിഷം പിൻമാറിയത് ഒരു കാരണത്താൽ



മുംബയ്: ബോളിവുഡ് താരം ടൈഗർ ഷ്രോഫിന് നേരെ മുംബയിൽ നടന്ന ആക്രമണത്തിന് മുൻപ് നടൻ സൽമാൻ ഖാനെ വെടിവയ്ക്കാൻ ലോറൻസ് ബിഷ്ണോയ് സംഘത്തിലെ അംഗങ്ങൾ പദ്ധതിയിട്ടതായി റിപ്പോർട്ട്. പിടിയിലായ പ്രതികളെ ചോദ്യം ചെയ്തപ്പോഴാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

സൽമാൻ ഖാനെ അദ്ദേഹത്തിന്റെ മുംബയിലെ വസതിക്ക് മുന്നിൽവച്ച് വെടിവച്ച് വീഴ്ത്താനായിരുന്നു ആദ്യ പദ്ധതി. എന്നാൽ സൽമാൻ ഖാന്റെ ബാന്ദ്രയിലുള്ള ഗാലക്സി അപ്പാർട്ട്മെന്റിന് മുന്നിൽ കനത്ത പൊലീസ് സുരക്ഷയും ബാന്ദ്ര പൊലീസ് സ്റ്റേഷന്റെ പട്രോളിംഗ് വാനും ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ് ധരിച്ച പൊലീസുകാരെയും കണ്ടതിനെ തുടർന്ന് പദ്ധതി ഉപേക്ഷിച്ച് മടങ്ങുകയായിരുന്നുവെന്നാണ് റിപ്പോർട്ട്.

അതേസമയം, ടൈഗർ ഷ്രോഫിന് നേരെയുണ്ടായ ആക്രമണത്തിൽ രണ്ട് സ്ത്രീകളടക്കം നാലുപേർ കൂടി അറസ്റ്റിലായി. അക്രമികൾക്കായി തോക്ക് സംഘടിപ്പിച്ചവരാണ് അറസ്റ്റിലായ പുരുഷന്മാർ. സ്ത്രീകളാണ് അവ മൂന്ന് അക്രമികൾക്കും എത്തിച്ചുകൊടുത്തത്. ബിഹാർ സ്വദേശി റിത്വിക് എന്ന റോഷൻ (22), ഹരിയാന സ്വദേശികളായ റേഹാൻ (18), ഫൂൽ സിംഗ് (18) എന്നിവരാണ് കേസിൽ ആദ്യം പിടിയിലായ പ്രതികൾ.

ടൈഗർ ഷ്രോഫിന് പൊലീസ് സംരക്ഷണമില്ല എന്നത് പ്രതികൾ മനസിലാക്കിയ ശേഷമാണ് ആക്രമണം നടത്തിയത്. വെടിവപ്പിലെ മുഖ്യ സൂത്രധാരനെന്ന് പൊലീസ് സംശയിക്കുന്ന അനിൽ പണ്ഡിറ്റിന്റെ സഹായി നേരത്തെ അറസ്റ്റിലായിരുന്നു. ലോറൻസ് ബിഷ്ണോയി സംഘവുമായി ബന്ധമുള്ള അനിൽ പണ്ഡിറ്റിന്റെ സഹായിയായ സമീറിനെ ഹരിയാന പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

ടൈഗർ ഷ്രോഫിനെ ആക്രമിക്കുന്നതിനായി മൂന്ന് പേരെ നിയോഗിച്ചതും അവർക്ക് പ്രതിഫലം വാഗ്ദാനം ചെയ്തതും കാലിഫോർണിയയിൽ താമസമാക്കിയ അനിൽ പണ്ഡിറ്റാണെന്നാണ് പൊലീസ് പറയുന്നത്.

കേസിൽ ഉൾപ്പെട്ടയാൾക്ക് മുൻകൂറായി ഇയാൾ പണം നൽകിയെന്നും ആക്രമണം നടത്താനായി റേഹാൻ എന്നയാൾക്ക് 35000 രൂപ വാഗ്ദാനം നൽകിയെന്നുമാണ് വിവരം.

## ഭാര്യയുടെ തലയറുത്ത് പൂജാസ്ഥലത്തുവച്ചു; പിതാവിനേയും കൊന്നു; യുവാവ് അറസ്റ്റിൽ

കൊൽക്കത്ത: ഭാര്യയുടെ തലയറുത്ത് വീടിനോട് ചേർന്ന പൂജാസ്ഥലത്തു വച്ച പ്രതി പിതാവിനേയും വെട്ടിക്കൊന്നു. പശ്ചിമബംഗാളിലെ ബങ്കുര ജില്ലയിലാണ് സംഭവം. മംഗൾ ചൗധരിയാണ് കൊലപാതകവുമായി ബന്ധപ്പെട്ട് പിടിയിലായത്. മംഗളിന്റ ഭാര്യ റുംപാ ചൗധരി(39), പിതാവ് രാജേന്ദ്ര ചൗധരി( 60) എന്നിവരാണ് കൊല്ലപ്പെട്ടത്.

പിന്നാലെ മുറ്റത്തുവച്ച് പ്രതി പിതാവിനേയും കൊലപ്പെടുത്തുകയായിരുന്നു. കൊലപാതകം നടത്തിയ ശേഷം ആയുധവുമായി ഗ്രാമത്തിലൂടെ പരിഭ്രാന്തി പരത്തി ചുറ്റിനടന്നെന്നും പ്രദേശവാസികൾ പറയുന്നു. ആക്രമണത്തിനിടെ മംഗളിൻറെ ഒരു വിരലിനു പരുക്കേറ്റതായും റിപ്പോർട്ടുണ്ട്. സോനംമുഖി, കാൻക്സ സ്റ്റേഷനിൽ നിന്നുള്ള പൊലീസ് സ്ഥലത്തെത്തി മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിന് അയയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു.

അതേസമയം കൊലപാതകത്തിനു ദുർമന്ത്രവാദവുമായി ബന്ധമുണ്ടോ എന്ന കാര്യമടക്കം പൊലീസ് പരിശോധിക്കുന്നുണ്ട്. പ്രതിയും ഭാര്യയും വീട്ടിൽ പതിവായി പൂജകൾ നടത്തിയിരുന്നതായി സമീപവാസികൾ പറയുന്നുണ്ട്. പൂജകൾ നടത്താനായി മറ്റൊരാൾ പതിവായി ഇവരുടെ വീട്ടിലെത്തിയിരുന്നതായും ഇവർ സ്ഥിരീകരിക്കുന്നു. ബന്ധുക്കളിൽ നിന്നും ഗ്രാമവാസികളിൽ നിന്നും മൊഴിയെടുക്കുകയാണ് പൊലീസ്.

## കിഫ്ബി കടമെടുപ്പ് ധനവകുപ്പ് എതിർത്തതിന് കൂടുതൽ തെളിവുകൾ

തിരു: പിണറായി സർക്കാരിന്റെ കാലത്ത് കിഫ്ബി കടമെടുപ്പ് ധനവകുപ്പ് എതിർത്തതിന് കൂടുതൽ തെളിവ്. കിഫ്ബിയുടെ കടമെടുപ്പ് സർക്കാരിനെ ബാധിക്കുമെന്ന പ്രിൻസിപ്പൽ സെക്രട്ടറി രബീന്ദ്ര കുമാറിന്റെ കുറിപ്പ് പുറത്ത്. എന്നാൽ എതിർപ്പ് മറികടന്ന് കടമെടുപ്പുമായി സർക്കാർ മുന്നോട്ട് പോയെന്നും കുറിപ്പിൽ പറയുന്നു.

നേരത്തെ കിഫ്ബി വഴിയുള്ള അധിക കടമെടുപ്പിൽ ആശങ്ക രേഖപ്പെടുത്തി അന്നത്തെ ധനമന്ത്രി കെ.എൻ. ബാലഗോപാൽ എഴുതിയ കുറിപ്പും പുറത്തുവന്നിരുന്നു. കിഫ്ബി വഴിയുള്ള അധിക കടമെടുപ്പ് സർക്കാരിന്റെ ധനലഭ്യതയെയും ദൈനംദിന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

2023 ജൂണിൽ ധനകാര്യ സെക്രട്ടറിയുടെ കുറിപ്പിന് മറുപടിയായാണ് ബാലഗോപാൽ ഇക്കാര്യത്തിൽ ആശങ്ക അറിയിച്ചതെന്നാണ് റിപ്പോർട്ടുകൾ. കിഫ്ബി വഴിയുള്ള കടമെടുപ്പ് സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങളിലേക്കാണ് കുറിപ്പ് വിരൽചൂണ്ടുന്നത്.

കിഫ്ബിയുടെ കടമെടുപ്പിനെതിരെ നേരത്തേ പ്രതിപക്ഷം ഉന്നയിച്ച വിമർശനങ്ങൾക്ക് ബലം നൽകുന്നതാണ് പുറത്തുവന്ന വിവരങ്ങൾ. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകളെയും കടമെടുപ്പ് രീതികളെയും ചൊല്ലിയുള്ള രാഷ്ട്രീയ തർക്കങ്ങൾക്കിടയിലാണ് മുൻ ധനമന്ത്രിയുടെ നിലപാട് പുറത്തുവന്നിരിക്കുന്നത്.

## കഞ്ചാവ് വിൽപ്പന ചോദ്യംചെയ്തവർക്കുനേരെ ആക്രമണം: മൂന്ന് പേർക്ക് കുത്തേറ്റു; മൂന്ന് പേർ അറസ്റ്റിൽ

പാലക്കാട്: വാടാനാംകുറുശ്ശിയിൽ കഞ്ചാവ് വിൽപ്പന തടയാൻ ശ്രമിച്ച യുവാക്കൾക്കുനേരെ ആക്രമണം. സംഭവത്തിൽ 3പേർക്ക് കുത്തേറ്റു.

വാടാനാംകുറുശ്ശി സ്വദേശികളായ ജയരാജൻ, രതീഷ്, സന്തോഷ് എന്നിവർക്കാണ് കുത്തേറ്റത്. സംഭവവുമായി ബന്ധപ്പെട്ട് മൂന്ന് പേരെ പോലീസ് അറസ്റ്റ് ചെയ്തു.

വാടാനാംകുറുശ്ശി പരുത്തിപ്ര മേലേപുറത്ത് ബാബുരാജ്, മയ്യൻകുന്നത്ത് സുരേഷ്, മയ്യൻകുന്നത്ത് സുബീഷ് എന്നിവരാണ് അറസ്റ്റിലായത്. കേസിൽ കാറൽമണ്ണ സ്വദേശി ഹരികൃഷ്ണനും ഉൾപ്പെട്ടിട്ടുണ്ടെന്ന് പോലീസ് വ്യക്തമാക്കി.

വാടാനാംകുറുശ്ശി കുഴിയാനാംകുന്ന് കാരക്കാട് റോഡിൽ ആടുവളർത്തൽ കേന്ദ്രത്തിന് സമീപത്തുവെച്ചായിരുന്നു സംഭവം. പ്രദേശത്ത് കഞ്ചാവ് വിൽപ്പന നടത്തുന്നത് ചോദ്യം ചെയ്തതിലുള്ള വൈരാഗ്യംമൂലം യുവാക്കൾ സഞ്ചരിച്ച ബൈക്ക് തടഞ്ഞുനിർത്തി കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.

ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ ജയരാജനെ തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലും മറ്റു രണ്ടുപേരെ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ജയരാജൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പോലീസ് നടപടി. തിങ്കളാഴ്ചയാണ് പ്രധാന പ്രതിയായ ബാബുരാജിനെ പോലീസ് കസ്റ്റഡിയിലെടുത്തത്. സുരേഷിനെയും സുബീഷിനെയും തിങ്കളാഴ്ച രാത്രിയും ചൊവ്വാഴ്ച രാവിലെയുമായി പിടികൂടി.

ലഹരിക്കേസുകളിൽ സ്ഥിരം കുറ്റവാളിയായ ബാബുരാജ് കാപ്പ നിയമപ്രകാരവും അറസ്റ്റിലായിട്ടുണ്ട്. മറ്റു പ്രതികളായ സുരേഷിനും സുബീഷിനുമെതിരേ മുൻപും കഞ്ചാവ് കേസുകളുണ്ടെന്ന് പോലീസ് അറിയിച്ചു.

